(സി) കാർഷിക മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെയാണ് കൃഷി വകുപ്പ് കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നത്. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് അഗ്രോ സർവ്വീസ് സെന്ററുകൾ തെരഞ്ഞെടുത്ത 50 ബ്ലോക്കുകളിലും കാർഷിക കർമ്മസേനകൾ തെരഞ്ഞെടുത്ത 200 ഗ്രാമപഞ്ചായത്തുകളിലും രൂപീകരിച്ച് സജീവമായി പ്രവർത്തിച്ചു വരുന്നു.

ഉല്പാദനോപാധികളുടെ വിലവർദ്ധനവിന് പരിഹാരമായി നെല്ല്, നാളികേരം, പച്ചക്കറി തുടങ്ങിയ പ്രധാന വിളകൾ അടിസ്ഥാനമാക്കി നടപ്പിലാക്കുന്ന വികസന പദ്ധതികളിലൂടെ കൃഷിയുടെ വിസ്തീർണ്ണത്തിന് ആനുപാതികമായി ധനസഹായം നൽകിവരുന്നു.

നിലം നികത്തൽ തടയുന്നതിനായി 2008-ലെ നെൽവയൽ നീർത്തട സംരക്ഷണ ആക്ട് നടപ്പിലാക്കിവരുന്നു. അനധികൃത നിലം നികത്തൽ നടന്നാൽ ബന്ധപ്പെട്ട കൃഷി ഓഫീസർ ഈ വിവരം തുടർ നടപടികൾക്കായി ജില്ലയിലെ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് രേഖാമൂലം റിപ്പോർട്ട് ചെയ്യുവരുന്നു.

ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിന് നെല്ല്, പച്ചത്തേങ്ങ എന്നിവയുടെ സംഭരണം യഥാക്രമം സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കേരഫെഡ് എന്നീ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്നു.

ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നാളികേര വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി എന്നിവയിലൂടെ കിണർ കഴിക്കുന്നതിനും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും കർഷകരുടെ ക്ലസ്റ്ററുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകിവരുന്നു. മുകളിൽ സൂചിപ്പിച്ച പദ്ധതികൾ നടപ്പിലാക്കുകവഴി കർഷകർ നേരിടുന്ന പ്രധാന കാർഷിക പ്രശ്നങ്ങൾക്ക് വലിയൊരളവുവരെ പരിഹാരം കണ്ടെത്തുവാനും കൃഷി ആകർഷകമാക്കുവാനും കഴിഞ്ഞിട്ടുണ്ട്.

കൂടുതൽ അളവിൽ വെള്ളം ലഭിക്കുന്ന കരിക്ക് ലഭ്യമാകുന്ന തെങ്ങിനങ്ങൾ

155 (4193) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരിക്കിന്റെ ആവശ്യം ദിനംപ്രതി വർദ്ധിച്ചുവരുന്നത് കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൂടുതൽ അളവിൽ വെള്ളം ലഭിക്കുന്ന കരിക്ക് ലഭ്യമാകുന്ന തെങ്ങിനങ്ങൾ ഏതൊക്കെയാണ് ; ഈ തെങ്ങിനങ്ങളുടെ കൃഷി വ്യാപകമാക്കുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(സി) പ്രസ്തുത തെങ്ങിൻ തൈകൾ കൃഷി ഭവനുകൾ മുഖേന വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കരിക്കിൻ വെള്ളം ലഭിക്കുന്നതിന് ഏറ്റവും നല്ലയിനം ചാവക്കാട് കുറിയ ഓറഞ്ച് ഇനത്തിലുള്ള തെങ്ങാണ്. എന്നാൽ വിവിധോപയോഗങ്ങൾക്ക് അനുയോജ്യമായ പശ്ചിമതീരനെടിയ ഇനവും സി.പി.സി.ആർ.ഐ. പുറത്തിറക്കിയ കൽപ്പരക്ഷ, കൽപ്പശ്രീ, കൽപ്പസങ്കര എന്നീ ഇനങ്ങളും കരിക്കിൻ വെള്ളത്തിന് അനുയോജ്യമാണ്.

പശ്ചിമതീരനെടിയ ഇനം (WCT) കൃഷി വകുപ്പിന്റെ വിവിധ തെങ്ങിൻ തൈ നഴ്സറികളിൽനിന്നും "കേരഗ്രാമം" പദ്ധതി പ്രകാരമുള്ള നഴ്സറികളിൽനിന്നും ഉല്പാദിപ്പിച്ച് സംസ്ഥാനമൊട്ടാകെയുള്ള കൃഷി ഭവനുകളിലൂടെ വിതരണം ചെയ്യുവരുന്നു.

(സി) കൃഷി ഭവനുകൾവഴി പശ്ചിമതീരനെടിയ ഇനം തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2015-16-ൽ 2,73,721 പശ്ചിമതീരനെടിയ ഇനം വിതരണം ചെയ്യുവരുന്നു. കൂടാതെ 40194 MYD/COD കുറിയ ഇനം തെങ്ങിൻ തൈകളും വിതരണം ചെയ്യുവരുന്നുണ്ട്.

കാർഷിക മേഖലയിലെ തൊഴിലാളികളുടെ കൂലിയും കാർഷികോൽപ്പന്നങ്ങൾക്ക് ലഭിക്കുന്ന വിലയും

156 (4194) ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിലെ തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ കൂലി നൽകുന്ന സംസ്ഥാനം കേരളമാണെന്ന കേന്ദ്ര തൊഴിൽ ബ്യൂറോയുടെ കണക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly